## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1637 06/03/2017-ൽ മറുപടിയ്ക്ക്

### ഓണർഷിപ്പ് സർട്ടിഫിക്കറ്റ്

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി വീടുകളുടെ അറ്റകുറ്റപ്പണി, വാട്ടർ കണക്ഷൻ, കക്കൂസ് നിർമ്മാണം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ ഉത്തരവ് ലഭ്യമാക്കുമോ. | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച 2016-17 -ലെ മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള വീടുകളുടെ അറ്റകുറ്റപ്പണി, വാട്ടർ കണക്ഷൻ, കക്കൂസ് നിർമ്മാണം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിന് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. |
| (ബി) | എം.എൻ. ലക്ഷം വീട് ഗുണഭോക്താക്കൾക്കും ഇ.എം.എസ്. പദ്ധതി ഗുണഭോക്താക്കൾക്കും വീടുകളുടെ മേൽക്കൂര ആസ്ബറ്റോസ് ഷീറ്റിട്ട് പൂർത്തീകരിച്ചാൽ അവസാന ഗഡു നൽകുവാൻ കഴിയുമോ | (ബി) | 15-3-2015- ലെ 15934/ഡി.ബി1/13/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ആസ്ബസ്റ്റോസ് ഷീറ്റിട്ട് പണി പൂർത്തീകരിച്ചതും അവസാന ഗഡു തുക ലഭിക്കാത്തതുമായ ചുരുക്കം ചില ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് അവസാന ഗഡു ധനസഹായം നൽകാവുന്നതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ടി നിർദ്ദേശം എം.എൻ ലക്ഷം വീട് പദ്ധതി |

| | | |
|---|---|---|
| | | ഉണഭോക്താക്കൾക്ക് ബാധകമാക്കിയിട്ടില്ല. |
| (സി) | ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ ലഭ്യമാക്കുമോ ? | 15-3-2015 -ലെ 15934/ഡി.ബി1/13/തസ്വഭവ നമ്പർ സർക്കുലർ ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

നമ്പർ.15934/ഡി.ബി.1/13/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 15.03.2013.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് -ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി - ആസ്ബറ്റോസ് ഷീറ്റിട്ട് പൂർത്തീകരിച്ച വീടുകൾക്ക് അവസാന ഗഡു അനുവദിക്കുന്നതിന് സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:- 1) സ.ഉ (എം.എസ്)നം.199/08/തസ്വഭവ തീയതി: 11.07.2008.
2) സർക്കുലർ നം. 55138/ഡി.ബി.1/തസ്വഭവ തീയതി: 2.11.2011.
3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 07.03.2013-ലെ 2.12 നമ്പർ തീരുമാനം.

......

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ധനസഹായം വിനിയോഗിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് ആസ്ബറ്റോസ് മേൽക്കൂര പാടില്ലെന്ന് നിർദ്ദേശിച്ചിരുന്നു. ഇക്കാരണത്താൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം നിർമ്മിച്ച പല വീടുകളും ഷീറ്റുപയോഗിച്ച് പൂർത്തീകരിച്ചതിനാൽ ശേഷിക്കുന്ന ഗഡു വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിച്ച് നിർമ്മിച്ച വീടുകൾക്ക് ടിൻ/അലൂമിനിയം ഷീറ്റിട്ട് പൂർത്തീകരിച്ച് വാസയോഗ്യമാക്കി തീർത്ത ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ശേഷിക്കുന്ന ഗഡു തുക നൽകാവുന്നതാണെന്ന് സൂചന (2) പ്രകാരം നിർദ്ദേശിച്ചിരുന്നു.

സൂചന (2) പ്രകാരമുള്ള നിബന്ധന ഉണ്ടെങ്കിലും ചുരുക്കം ചില ഗുണഭോക്താക്കൾ ആസ്ബറ്റോസ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര പണിതതായും തന്നിമിത്തം അവർക്ക് അവസാന ഗഡു ലഭിക്കാതിരുന്നതും കൂടി പരിഗണിച്ച് അവർക്കു കൂടി അവസാന ഗഡു ധനസഹായം നൽകാവുന്നതാണെന്ന് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

(.....2)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
മുഖ്യ നഗരാസൂത്രകൻ.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ യൂണിറ്റ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ളാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ/ജനറൽമാർക്കും
എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, കേരള ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
നഗരകാര്യന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ഗ്രാമവികസന ആസൂത്രണ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ (ഡി.എ/ഡി.സി/ഡി.ഡി )വകുപ്പിന്.

സെക്ഷൻ ഓഫീസർ